"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് - വിദഗ്ധ തൊഴിലാളിയായി ഒറ്റപ്പാലം ഫൗണ്ടറി യൂണിറ്റിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ വി. പി. ഉണ്ണികൃഷ്ണന്റെ മകനായ ശ്രീ. ജിതിൻ കൃഷ്ണ വി. പി. ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൽ അവിദഗ്ധ തൊഴിലാളിയായി നിയമനം നൽകുന്നതിന് അനുമതി നൽകുന്നു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ(ഡി) വകുപ്പ്**

സ.ഉ.(കൈ) നം.55/2024/ID തീയതി,തിരുവനന്തപുരം, 23-10-2024

---

പരാമർശം:-

1. 07/06/2007 - ലെ സ.ഉ.(പി) നം.32/2007/ആസവ നമ്പർ ഉത്തരവ്
2. 05/06/2010-ലെ സ.ഉ(പി) നം.28/2010/ആസവ നമ്പർ ഉത്തരവ്
3. 22/11/2018-ലെ സ.ഉ.(പി) നം.18/2018/ആസവ നമ്പർ ഉത്തരവ്
4. 26/08/2023-ലെ സ.ഉ.(പി) നം.17/2023/ആസവ നമ്പർ ഉത്തരവ്
5. ശ്രീ. ജിതിൻ കൃഷ്ണ. വി. പി യുടെ 10/07/2023 ലെ അപേക്ഷ
6. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 03/04/2024 തീയതിയിലെ SILK/HRD/III(285)/173 നമ്പർ കത്ത്
7. പാലക്കാട് ജില്ലാ കളക്ടറുടെ 28/06/2024 തീയതിയിലെ DCPKD/5841/2023-A3 നമ്പർ കത്ത്

**ഉത്തരവ്**

സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ ഒറ്റപ്പാലം ഫൗണ്ടറി യൂണിറ്റിൽ വിദഗ്ധ തൊഴിലാളിയായി സേവനത്തിലിരിക്കവെ 12/05/2022 - ന് മരണപ്പെട്ട വി. പി. ഉണ്ണികൃഷ്ണന്റെ മകനായ ശ്രീ. ജിതിൻകൃഷ്ണ വി. പി ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കമ്പനിയിൽ ജോലി ലഭിക്കുന്നതിനായി പരാമർശം (5) പ്രകാരം സമർപ്പിച്ച അപേക്ഷ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ 217 -ാം ഡയറക്ടർ ബോർഡ് യോഗം പരിഗണിക്കുകയും സർക്കാരിന്റെ അംഗീകാരം തേടുവാൻ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. അതിന്റെയടിസ്ഥാനത്തിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീ. ജിതിൻകൃഷ്ണ. വി. പി.ക്ക് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൽ അവിദഗ്ധ തൊഴിലാളിയായി (ജി 8 ഗ്രേഡിൽ) നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (6) പ്രകാരം സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുകയുണ്ടായി. ശ്രീ. ജിതിൻ കൃഷ്ണ വി. പി.ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം (7) പ്രകാരം പാലക്കാട് ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2) 22/02/2003 ൽ ജനിച്ച അപേക്ഷകനായ ശ്രീ. ജിതിൻകൃഷ്ണ. വി. പി. പ്ലസ് ടു

ജയിച്ചിട്ടുള്ളതും ഇപ്പോൾ ടിയാൾക്ക് 21 വയസ് പൂർത്തിയായിട്ടുള്ളതുമാണ്. അപേക്ഷകൻ പരേതനായ ജീവനക്കാരന്റെ ശരിയായ ആശ്രിതനാണെന്നും പരേതന്റെ മറ്റവകാശികൾ ആരും തന്നെ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം അപേക്ഷ നൽകുകയോ നിയമനം നേടുകയോ ചെയ്തിട്ടില്ലായെന്നും ജില്ലാ കളക്ടർ വ്യക്തമാക്കിയിട്ടുണ്ട്. പരാമർശം (1) മുതൽ (4) വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളെല്ലാം പാലിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ ഒറ്റപ്പാലം ഫൗണ്ടറി യൂണിറ്റിൽ വിദഗ്ധ തൊഴിലാളിയായി സേവനത്തിലിരിക്കവെ മരണപ്പെട്ട വി. പി. ഉണ്ണികൃഷ്ണന്റെ മകനായ ശ്രീ. ജിതിൻ കൃഷ്ണ. വി. പി (പൂളക്കുണ്ടിൽ ഹൗസ്, അനങ്ങനാടി, പനമണ്ണ പി. ഒ., പാലക്കാട് - 679501)-ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൽ അവിദഗ്ധ തൊഴിലാളിയായി (ജി 8) നിയമനം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) അപേക്ഷകന്റെ സ്വഭാവം, വിദ്യാഭ്യാസ യോഗ്യത ടിയാളെ സംബന്ധിക്കുന്ന മറ്റു വിവരങ്ങൾ എന്നീ സർട്ടിഫിക്കറ്റുകളുടെ അസൽ പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷം ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. പരാമർശം (1) ലെ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്.

5) ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം എപ്പോഴെങ്കിലും അപേക്ഷകൻ വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നുവെന്ന് വെളിവാകുന്ന പക്ഷം നിയമനം റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജിത്കുമാർ എ

അണ്ടർ സെക്രട്ടറി

ശ്രീ. ജിതിൻ കൃഷ്ണ. വി. പി, പൂളക്കുണ്ടിൽ ഹൗസ്, അനങ്ങനാടി, പനമണ്ണ പി. ഒ., പാലക്കാട് - 679501
(രജിസ്റ്റേർഡ് പോസ്റ്റിൽ)

മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, അത്താണി, തൃശ്ശൂർ
(അനുബന്ധരേഖകൾ സഹിതം)

ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് (മാനേജിംഗ് ഡയറക്ടർ മുഖേന)

ജില്ലാ കളക്ടർ, പാലക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ് II), കേരളം, തിരുവനന്തപുരം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

ഐ & പി ആർ ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Divya Y V
സെക്ഷൻ ഓഫീസർ
Date: 23-10-2024 16:04:18